THURSDAY 23-09-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –23/09/2021

1. 14-ാം പഞ്ചവത്സര പദ്ധതി ആസൂത്രണത്തിന്റെ ഭാഗമായി മൃഗസംക്ഷണ - ക്ഷീരവികസന മേഖലകളിലെ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ഈ മേഖലയിലെ വിവിധ വകുപ്പുകളുടെയും അനുബന്ധ ഏജൻസികളുടെയും സംയുക്ത ശില്പശാല നടത്തുന്നു. ഈ മേഖലയിലുള്ള വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ വിഷയാടിസ്ഥാനത്തിൽ ചർച്ച നടത്തി സാങ്കേതിക പരിജ്ഞാനം അന്യോന്യം പങ്കുവച്ചുകൊണ്ട് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിപണനം കാര്യക്ഷമമാക്കുതിനും ഉരുക്കളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനും മേഖലയിലെ സംരംഭകത്വം, അടിസ്ഥാന സൗകര്യവികസനം, വിവരസാങ്കേതിക വിദ്യ എന്നിവ ലക്ഷ്യമിട്ട് ഒരു ശില്പശാല തിരുവനന്തപുരം ആനയറ സമേതിയിൽ വച്ച് 23.09.2021 മുതൽ 25.09.2021 വരെ നടത്തുന്നു. പരിപാടിയുടെ ഉദ്ഘാടനം 23-ാം തീയതി മൃഗസംരക്ഷണ -ക്ഷീരവികസന വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു.

2. വള്ളികുന്നം കൃഷിഭവൻ അറിയിപ്പ് ജനകീയസൂത്രണപദ്ധതിയിൽ വെറ്റിലക്കർഷകർക്ക് ജൈവവളം ഉപയോഗിക്കുന്നതിന് സഹായം നൽകുന്നു കർഷകർ ആനുകൂല്യത്തിനായി കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കണമെന്ന് വള്ളികുന്നം കൃഷിഓഫീസർ അറിയിക്കുന്നു. തന്നാണ്ടു കരം രസീതി. ബാങ്ക് പാസ്സ് ബുക്ക്. ആധാർ എന്നിവയുടെ പകർപ്പ് ഹാജരാക്കണം അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 25/09/2021 കൂടുതൽ വിവരങ്ങൾക്ക് 9447566615 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 24 വരെ (സെപ്റ്റംബർ 24) വരെ **മുള്ളംകൊല്ലി** ഗ്രാമപഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ലഭ്യമാകും. പ്രവൃത്തി സമയം രാവിലെ 10 മുതൽ

വൈകീട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർ ക്ഷീര സംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് **9495478744, 9074520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

4. തിരുവനന്തപുരം പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (സെപ്റ്റംബർ 24-ന്) പാറശ്ശാല ഇ.എം.എസ് ഹാളിൽ വച്ച് കർഷകർക്കായി **സംരഭകത്വ സംഗമം** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് മൃഗപരിപാലനം, ആട് വളർത്തൽ, മാലിന്യ നിർമ്മാർജ്ജനം, സംരംഭകർക്ക് ബാങ്ക് ലോൺ വിശദാംശങ്ങൾ എന്നീ വിഷയങ്ങളിൽ വിദഗ്ദ്ധരുടെ ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണെന്നും പാറശ്ശാല പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ അറിയിച്ചു.

5. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴി കുഞ്ഞുങ്ങളുടെ ബുക്കിങ്ങ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപാ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471- 2730804

**പരിശീലന പരിപാടികൾ**

6. ക്ഷീര വികസന വകുപ്പിന്റെ ആലത്തൂർ ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് ശാസ്ത്രീയ പശുപരിപാലനം ഭാഗം 1 കാലിത്തൊഴുത്ത് നിർമ്മാണം എന്ന വിഷയത്തിൽ ഇന്ന് (23.09.2021) രാവിലെ 11 മണിക്ക് **https;//meet.google.com/esm-uyaj-pni** എന്ന ഗൂഗിൾ മീറ്റ് ലിങ്കിലൂടെ ഓൺ ലൈൻ പരിശീലന പരിപാടി നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 04922226040 എന്ന നമ്പരിലോ dtcalathur@gmail.com എന്ന വിലാസത്തിലോ ബന്ധപ്പെടുക.

7. ഓച്ചിറ ക്ഷീരോത്പ്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് ഉച്ചയ്ക്ക് 2 മണി മുതൽ **കന്നുകാലികളിലെ സ്ട്രെസ്സ് മാനേജ്മെന്റ് – ക്ഷീര കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന

വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വേശിസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നാളെ (24.09.2021) രാവിലെ 11 മണി മുതൽ പാലിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ (രസഗുള, രസമലായി) എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് മുഖേന ഓൺ ലൈൻ പരിശീലനം നടത്തുന്നതാണ്. ഈ ക്ലാസ്സിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 24 -ാം തീയതി വെള്ളിയാഴ്ച (24.09.2021) രാവിലെ 10.30 വരെ ഫോൺ മുഖേന രജിസ്റ്റർ ചെയ്യാവുന്നതാണ്. 9947775978 എന്ന വാട്സ് ആപ് നമ്പരിലേയ്ക്ക് പേരും മേൽ വിലാസവും അയച്ചു നൽകിയും പരിശീലനത്തിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04762698550

9. നാളികേര വികസന ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഡിസിബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഏകദിന ഓൺലൈൻ ട്രെയിനിംഗുകൾ സംഘടിപ്പിക്കുന്നു. ഒരു വ്യക്തിക്ക് 300 രൂപയാണ് ഫീസ്. ഏകദിന പരിശീലന ക്ലാസിൽ നാളികേരാധിഷ്ഠിത ഉൽപ്പന്നങ്ങളെപ്പറ്റിയുള്ള വിവരങ്ങളും അഞ്ച് ഉൽപ്പന്നങ്ങളുടെ വീഡിയോ ഡെമോൺസ്ട്രേഷനും ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0484-2679680** എന്ന നമ്പരിൽ ബന്ധപ്പെടുക.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 29, 30 തീയതികളിലായി **നായ വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 - 2732918** എന്ന ഫോൺ നമ്പരിലോ **9188522701**. എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

11. മണ്ണ് ഉപയോഗിക്കാതെ പൂർണ്ണമായും വെള്ളം ഉപയോഗിച്ച് കൃഷി ചെയ്യാൻ സാധിക്കുന്ന നൂതന കൃഷിരീതിയായ **ഹൈഡ്രോപോണിക്സ്** വിഷയത്തെ പറ്റി 5 ദിവസത്തെ പരിശീലനപരിപാടി **സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 1** വരെയുള്ള തീയതികളിൽ രാവിലെ 10.30 മുതൽ 1.30 വരെ ഹൈടെക് റിസേർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റ് ഹാൾ, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര, തൃശൂരിൽ വെച്ച് ഓൺലൈനായി നടത്തുന്നു. വിവിധതരം ഹൈഡ്രോപോണിക്സ് സിസ്റ്റം, - രൂപകൽപ്പനകൾ,

പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850, 7034215912, 9961533547, 04872960079** എന്നീ നമ്പരുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് വേണ്ടി കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് പശു, ആട്, എരുമ, കോഴി, കാട, താറാവ്, മുയൽ, നായ വളർത്തൽ, തീറ്റപ്പുൽകൃഷി എന്നീ വിഷയങ്ങളിൽ എൽ.എം.ടി.സി ആതവനാട് വെച്ച് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള കർഷകർ **0494-2962296** എന്ന നമ്പരിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 25-ന് (സെപ്റ്റംബർ 25) രാവിലെ 11 മണിക്ക് **പാലുൽപ്പന്നങ്ങൾ** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481- 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

14. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന് വളമിടുന്നതിൽ 2021 സെപ്റ്റംബർ 27-ന് 2.30 പി.എം. മുതൽ 4.00 പി.എം. വരെ ഓൺലൈൻ പരിശീലനം നൽകുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 0481-2353127 എന്ന ഫോൺ നമ്പരിലോ 7994650941 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം.